പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4182** — **25.06.2014** ൽ മറുപടിക്ക്

## പൊന്നാനി മണ്ഡലത്തിലെ കടൽക്ഷോഭം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി. ശ്രീരാമകൃഷ്ണൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) കാലവർഷത്തോടൊപ്പം തുടങ്ങിയ ശക്തമായ കടൽക്ഷോഭത്തിൽ പൊന്നാനി മണ്ഡലത്തിൽ നിരവധി വീടുകളും കരഭാഗവും കടലെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാലവർഷത്തോടൊപ്പം തുടങ്ങിയ കടൽ ക്ഷോഭത്തിൽ പൊന്നാനി മണ്ഡലത്തിൽ പൊന്നാനി നഗരസഭയിൽ അബൂഹുറൈറ പള്ളിക്ക് സമീപം 4 വീടുകൾക്ക് കേടുപാടുകൾ പറ്റിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ അടിയന്തിരമായി കടൽഭിത്തി കെട്ടാൻ നടപടി സ്വീകരിക്കുമോ | (ബി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടികൾ സ്വീകരിക്കാ വുന്നതാണ്. |
| (സി) കടൽക്ഷോഭം കുറയ്ക്കാൻ പുലിമുട്ടുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | കേരളത്തിലുടനീളം ഉള്ള തീരപ്രദേശത്തെ കടലാക്രമണത്തെക്കുറിച്ചും പുലിമുട്ടിന്റെ കാര്യക്ഷമതയെക്കുറിച്ചും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സി.ഡബ്ല്യു. പി.ആർ.എസ്, പൂനയെ ഏൽപ്പിച്ചിട്ടുണ്ട്. ഇവരുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ടുകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (ഡി) | കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ